# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3217 — 13.10.2011-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ.എം.വി.ശ്രേയാംസ് കുമാർ — ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## വകുപ്പുതല മോണിറ്ററിംഗ് സംവിധാനം

| | | |
|---|---|---|
| (എ) | മുൻ സർക്കാരിൻെറ കാലത്ത് ഓരോ വകുപ്പുകൾക്കും ബഡ്ജറ്റിൽ നീക്കിവച്ചിരുന്ന തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ; | ' ഡിമാൻഡ് ' അടിസ്ഥാനത്തിൽ നീക്കിവെച്ച തുക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഓരോ വകുപ്പുകൾക്കും നീക്കി വച്ചിരിക്കുന്ന തുക എത്രയെന്ന് അറിയിക്കുമോ; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിക്കാനായിയെന്ന് അറിയിക്കുമോ; | |
| സി | ഓരോ വകുപ്പുകൾക്കുമുള്ള ബഡ്ജറ്റ് പ്രൊവിഷൻ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് വകുപ്പുതല മോണിറ്ററിംഗ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വികരിക്കുമോ? | പദ്ധതി വിഹിതം കാര്യക്ഷമമായി ചെലവഴിക്കുന്നതിനുവേണ്ടി പ്ളാനിംഗ് ആൻറ് എക്കണോമിക് അഫയേഴ്സ് വകുപ്പിൻെറ കീഴിലുള്ള സി.പി.എം. യൂണിറ്റ് (Central Plan Monitoring Unit) മുഖേന അവലോകനം നടത്തിവരുന്നുണ്ട്. കൂടാതെ നബാർഡ്, കേന്ദ്ര ധനകാര്യ കമ്മീഷൻ തുടങ്ങിയവയുടെ സഹായത്തോടെ നടത്തുന്ന പദ്ധതികളുടെ അവലോകനം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല എംപവ്വേഡ് കമ്മിറ്റി (SLEC) മുഖേന നടത്തിവരുന്നുണ്ട്. ധനകാര്യ സെക്രട്ടറിയും വകുപ്പുതല സെക്രട്ടറിമാരും അംഗങ്ങളായുള്ള സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിലൂടെ പദ്ധതികൾക്ക് ഭരണാനുമതി വേഗത്തിൽ നൽകുന്നതിനുള്ള നടപടിയെടുത്തുവരുന്നു. |

അനുബന്ധം ലൈബ്രറിയിൽ വച്ചിരിക്കുന്നു.

സെക്ഷൻ ഓഫീസർ